ടി.എം. വി.എച്ച്.എസ്.എസ്.
പെരുമ്പിലാവ്

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ടി.എം. വി.എച്ച്.എസ്.എസ്. പെരുമ്പിലാവ്

## അക്കാദമിക് മാസ്റ്റർ പ്ലാൻ

വിദ്യാലയത്തിലെ അക്കാദമികവും മറ്റു പ്രവർത്തനങ്ങളും ഏകോപിച്ചുകൊണ്ട് പോകുവാൻ നിയതമായ ഒരു ചട്ടക്കൂട് ആവശ്യമാണ് എന്ന ബോധ്യത്തിന്റെ വെളിച്ചത്തിൽ ഗവൺമെന്റ് നിർദ്ദേശാനുസരണം ഞങ്ങളും കൃത്യമായ പ്രവർത്തന പദ്ധതിയിലേക്ക് ഈ വർഷവും കടന്നു. അതനുസരിച്ച് 2025 മെയ് മാസം ഞങ്ങൾ എസ് ആർ ജി യോഗം ചേരുകയും വിവിധ വിഷയങ്ങളിൽ ഈ വർഷവും സ്വീകരിക്കേണ്ടുന്ന പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമിടുകയും ചെയ്തു. ഇതിനായി ഒരു കമ്മിറ്റി രൂപീകരിച്ചു 2025 ജൂൺ 30ന് മുമ്പ് എല്ലാ വിഷയങ്ങളുടെയും പ്രവർത്തന പദ്ധതികൾ കോർത്തിണക്കി സമഗ്രമായ ഒരു വിദ്യാഭ്യാസ പദ്ധതി രൂപീകരിക്കുവാൻ നിർദ്ദേശിച്ചു. എല്ലാ അധ്യാപകരും അവർ കൈകാര്യം ചെയ്യുന്ന വിഷയങ്ങളെ ആസ്പദമാക്കി ലക്ഷ്യങ്ങളും, പ്രവർത്തന പദ്ധതികളും ഉൾക്കൊള്ളുന്ന ഒരു രൂപരേഖ തയ്യാറാക്കുവാൻ ആവശ്യപ്പെട്ടു. സ്കൂളിന്റെ ചരിത്രം, ഭൗതിക സാഹചര്യങ്ങൾ, ലക്ഷ്യങ്ങൾ, പ്രവർത്തന പദ്ധതികൾ, സൂക്ഷ്മാസൂത്രണം, കാലയളവ് അംഗീകാരങ്ങൾ, പ്രതീക്ഷകൾ, മുൻകാല പ്രവർത്തനങ്ങൾ എന്നിങ്ങനെ വിദ്യാലയത്തിന്റെ സമഗ്രമായ ശ്വാസഗതി തന്നെയായി ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപം കൊണ്ടു.

മാസ്റ്റർ പ്ലാൻ നിർവഹണവേളയിൽ പല അവസരങ്ങളിൽ ഈ കമ്മിറ്റി യോഗം ചേരുകയും, മാർഗ്ഗനിർദേശങ്ങളും, തിരുത്തലുകളും പൊതുധാരണയ്ക്ക് അനുസൃതമായി രൂപീകരിക്കുകയും ചെയ്തു. ഞങ്ങളുടെ വിദ്യാലയത്തിലെ മാസ്റ്റർ പ്ലാൻ വിവിധ ഘട്ടങ്ങളിലൂടെ രൂപംകൊണ്ടു.

സമഗ്രമായ ഒരു ഉള്ളടക്കം രൂപം കൊടുത്ത് ഈ അക്കാദമിക പ്രവർത്തന പദ്ധതി കൂടുതൽ ആകർഷകമാക്കാൻ പ്രസ്തുത കമ്മിറ്റി ആത്മാർത്ഥമായി ശ്രമിച്ചു എങ്കിലും ഇത് സമഗ്രമാണ് എന്ന് അവകാശപ്പെടുന്നില്ല. കാലത്തിനനുസരിച്ചും പ്രവർത്തനങ്ങൾക്കിടയിലെ പുരോഗതി അനുസരിച്ചും തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും ആവശ്യമായിവരും. നിലവിലുള്ള അധ്യാപക സമൂഹവും രക്ഷാകർതൃ സമിതിയും ഇക്കാര്യത്തിൽ ജാഗരൂകരാണ് എന്ന് നിസ്സംശയം പറയാൻ കഴിയും.

വിവിധ വിഷയങ്ങളുടെ സമീപനത്തെക്കുറിച്ച് മാത്രമല്ല വിദ്യാലയവുമായി ബന്ധപ്പെടുന്ന വിവിധ വിഭാഗങ്ങളുടെ കർത്തവ്യങ്ങളും, ചുമതലകളും, പ്രസ്തുത മാസ്റ്റർ പ്ലാൻ പ്രധാന ഉപവിഭാഗമായി രൂപാന്തരപ്പെടുത്തി സ്കൂളിന്റെ ഭൗതിക

വികസനത്തെ സംബന്ധിച്ച് ഷോർട്ട് പ്ലാൻ, ലോങ്ങ് ടേം പ്ലാൻ എന്നി വിഭാഗങ്ങളിലായി പദ്ധതി നിർവഹണ നിർദേശങ്ങളും ആശയങ്ങളും രൂപപ്പെടുത്തി ഭാവി പ്രതീക്ഷകൾ (അക്കാദമികം ഭൗതികം) നിർവഹണ ഏജൻസികൾ സമയപരിധി നിർദേശങ്ങൾ തുടങ്ങി പലവിധ ഉപവിഭവങ്ങൾ ഉൾപ്പെടുത്തി.

ഇങ്ങനെ തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന് അനുസൃതമായി അക്കാദമിക ഭൗതിക രംഗങ്ങളിൽ പ്രവർത്തന നിർവഹണം ഞങ്ങളുടെ വിദ്യാലയത്തിൽ നടന്നുവരുന്നു മാസ്റ്റർ പ്ലാനിൽ ഞങ്ങൾ പ്രകടിപ്പിച്ച പ്രതീക്ഷകളും നിർദ്ദേശങ്ങളും ഒരു പരിധിവരെ പ്രാവർത്തികമാക്കാനുള്ള പ്രവർത്തനങ്ങൾ ഞങ്ങൾ നടത്തിവരുന്നു.

സ്കൂളിന്റെ സമഗ്രമായ വികസനവും കുട്ടികളുടെ പഠന പുരോഗതിയും മുൻനിർത്തിയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്. എല്ലാ പ്രവർത്തനങ്ങളും തുടങ്ങുകയും ഓരോ ക്ലബ്ബുകളും അതിനുള്ള നിർദ്ദേശങ്ങൾ കുട്ടികൾക്ക് നൽകുകയും ചെയ്തു സ്കൂളിലെ ഉച്ചഭക്ഷണത്തിന് ആവശ്യമായ പച്ചക്കറികൾ അഞ്ചുവർഷത്തിനുള്ളിൽ മുഴുവനും സ്കൂളിൽ നിന്നു തന്നെ വിളവെടുക്കാൻ സാധിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

സ്കൂളിലെ കുട്ടികളുടെ വായനാശീലം വളർത്തുന്നതിന് ആവശ്യമായ വിപുലമായ ഒരു ലൈബ്രറി ഞങ്ങളുടെ സ്കൂളിൽ പ്രവർത്തിച്ചുവരുന്നു കുട്ടികൾക്ക് അവരുടെ സൗകര്യമനുസരിച്ചും, ആവശ്യമനുസരിച്ചും തിരഞ്ഞെടുത്തു ബുക്കുകൾ വായിക്കുന്നതിനുള്ള എല്ലാ സൗകര്യവും ഉള്ള ലൈബ്രറി പ്രവർത്തിച്ചുവരുന്നു. കുട്ടികളിൽ വായനശീലം വളർത്തുന്നതിനായി സ്കൂളിൽ ലൈബ്രറി പിരീഡുകൾ പ്രയോജനപ്പെടുത്തുന്നു. കുട്ടികളിലെ സംഗീതവാസന കണ്ടെത്തി ഗിറ്റാർ, കീബോർഡ് എന്നിവയുടെ പഠനം സ്കൂളിൽ കാര്യക്ഷമമായി നടന്നുവരുന്നു. 2030 ആവുമ്പോഴേക്കും ഇതിൽ ശക്തമായ ഒരു ടീം തന്നെ ഉണ്ടാക്കിയെടുക്കാം എന്ന് ആഗ്രഹിക്കുന്നു. അതിനായി എല്ലാ പരിശ്രമങ്ങളും നടന്നുവരുന്നു. സ്കൂളിൽ ഒരു മികച്ച കായിക പഠനം നടന്നുവരുന്നു ഇതിനായി വേനൽക്കാല അവധി ദിവസങ്ങളിൽ ഫുട്ബോൾ പരിശീലനം ടാലന്റ് ഹണ്ട് എന്നിവ നടത്തിവരുന്നു 5 വർഷം കൊണ്ട് മികച്ച ഫുട്ബോൾ ടീം, ക്രിക്കറ്റ് ടീം, കബഡി ടീം, ഖോ-ഖോ ടീം എന്നിവ നടപ്പിൽ വരുത്തണമെന്ന ഉദ്ദേശത്തിൽ മികച്ച പരിശീലനം നടത്തിവരുന്നു

സ്കൂളിൽ കുട്ടികളുടെ സമഗ്ര വികസനത്തെ ലക്ഷ്യമാക്കി തായ്കൊണ്ടോ പരിശീലനം നടത്തിവരുന്നു. ഇതിൽ അന്തർദേശീയ തലത്തിൽ മത്സരിപ്പിക്കാൻ സാധിക്കുന്ന വിധത്തിൽ അഞ്ചു കൊല്ലം കൊണ്ട് കുട്ടികളെ പ്രാപ്തരാക്കാമെന്ന് ആഗ്രഹിക്കുന്നു വളരെ മത്സരബുദ്ധിയും കാര്യക്ഷമവുമായ ഒരു ടീം നമുക്ക് നിലവിൽ പ്രവർത്തിച്ചുവരുന്നു.

സ്കൂളിന്റെ സമഗ്രമായ പുരോഗതി മുൻനിർത്തിയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് എല്ലാ പ്രവർത്തനങ്ങളും ചിട്ടയായും കാര്യക്ഷമമായും

നടത്തുന്നതിനായി സഹായകരമായ ഒരു ടീം അധ്യാപകർ ഇവിടെ പ്രവർത്തിച്ചുവരുന്നു. അതിന്റെ ചുക്കാൻ പിടിക്കുന്നതിനായി ഊർജസ്വലതയോടെ പ്രവർത്തിക്കുന്ന പ്രധാന അധ്യാപകനും വിദ്യാലയ വികസനത്തിനായി സഹകരിക്കുന്ന ഒരു മാനേജ്മെന്റും, ഒരു പിടിഎയും ഇവിടെ പ്രവർത്തിച്ചുവരുന്നു. അതിനാൽ അഞ്ചുവർഷംകൊണ്ട് ഈ വിദ്യാലയത്തിന്റെ സമഗ്ര പുരോഗതി കണ്ടുകൊണ്ട് ആമുഖം ഇവിടെ അവസാനിപ്പിക്കുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ - മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | (1) പ്രീ ടെസ്റ്റ് (2) അക്ഷരം ഉറപ്പിക്കൽ (3) അടയാളം ഉറപ്പിക്കൽ (4) വാക്കുകൾ നിർമ്മിക്കൽ (5) വാക്യങ്ങൾ നിർമ്മിക്കൽ (6) ചിത്രം-അടിക്കുറിപ്പ് (7)ചിത്രം-കഥയെഴുതൽ (8) ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | ജൂൺ ജൂലൈ | പുസ്തകങ്ങൾ ചിത്രങ്ങൾ | അധ്യാപകർ |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | (1) ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ (2) വായനോത്സവം സംഘടിപ്പിക്കൽ (3) പത്രവായന (4) വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം (5) ദിനാചരണം | ആറുമാസം ജൂൺ മുതൽ നവംബർ വരെ | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ | അധ്യാപകർ |
| 3 | കുട്ടികളെ മികച്ച എഴുത്തുകാരാക്കുക | (1) എഴുത്തുകൂട്ടം രൂപീകരണം (2) വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ (3) ചുമർപത്രിക പതിപ്പ് തയ്യാറാക്കൽ (4) സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ | ആറു മാസം | ലൈബ്രറി പുസ്തകങ്ങൾ ഫോട്ടോകൾ | പിടിഎ അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 4 | സദസ്സിനെ അഭിമുഖീക രിക്കാൻ പ്രാപ്തരാക്കുക | (1) പ്രസംഗ പരിശീലന കളരി<br>(2) വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>(3) മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുക<br>(4) പ്രസംഗം അവതരിപ്പിക്കുന്നതി നുള്ള വേദികൾ സജ്ജമാക്കുക | ജൂലൈ ഡിസംബർ | ഓഡിയോ വീഡിയോ | അധ്യാപകർ |
| | | | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - സംസ്കൃതം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | അക്ഷര പഠനം | ചിത്രങ്ങളിലൂടെ, പാട്ടുകളിലൂടെ അക്ഷര പഠനം | ജൂൺ ജൂലൈ | അധ്യാപിക | | |
| 2 | വായന | അക്ഷര പഠനത്തിലൂടെ പദങ്ങളുടെയും, വാക്യങ്ങളുടെയും ഘടനാപരിചയം.<br>◆ വായനാദിനം ആചരണം<br>◆ ബാലകവിതകളിലൂടെയും ചെറു കഥകളിലൂടെയും പദവാക്യ പരിചായനം.<br>◆ വായനാ മത്സരങ്ങൾ.<br>◆ വാചക നിർമ്മാണ മത്സരങ്ങൾ.<br>◆ ചിത്രപദകോശ നിർമ്മാണം എന്നിവ നടത്താം | ജൂൺ ജൂലൈ ആഗസ്റ്റ് | അധ്യാപിക | | ക്ലാസ് സമയത്ത് നടത്തുവാൻ സാധ്യമല്ലാത്തതിനാൽ ശനിയാഴ്ചകളിൽ എക്സ്ട്രാ ക്ലാസുകൾ ആവശ്യമാണ് |
| 3 | ഡിക്ഷണറി നിർമ്മാണം. സമ്പുട നിർമ്മാണം | ക്ലാസ് മുറിയിലെ പ്രവർത്തനങ്ങൾക്ക് അനുസൃതമായി ഈ പ്രവർത്തനങ്ങൾ ചെയ്യാവുന്നതാണ്. സുഭാഷിതങ്ങളുടെ സമ്പുടം നിർമ്മാണം | സെപ്തംബർ നവംബർ | അധ്യാപിക | പി ടി എ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - സംസ്കൃതം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 4 | മത്സര പരീക്ഷകൾ, കലോത്സവം | ജൂണിൽ തന്നെ കുട്ടികൾക്ക് പ്രശ്നോത്തരി നൽകി കഴിവുള്ള കുട്ടികളെ കണ്ടുപിടിക്കാം. കലാപരമായ കഴിവുള്ള കുട്ടികൾക്ക് ഏത് മേഖലയിലാണ് കഴിവുള്ളത് അതിൽ പരിശീലനം നൽകുക | നവംബർ ജനുവരി | അധ്യാപിക | പൂർവ വിദ്യാർത്ഥികൾ | ശനിയാഴ്ചകളിൽ പരിശീലന ക്ലാസുകൾ നടത്താം |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – ഉറുദു

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | എഴുത്ത് | • മുന്നറിവ് പരിശോധന.<br>• കൈയ്യെഴുത്ത് പരിശീലനത്തിനായുള്ള പ്രവർത്തനങ്ങൾ.<br>• ചിത്രങ്ങളിലൂടെ അക്ഷര പഠനം.<br>• പദകേളികളിലൂടെ വാക്യനിർമ്മാണം | ജൂൺ<br>ജൂലൈ | അധ്യാപിക | | |
| 2 | വായന | • വായന മത്സരങ്ങൾ.<br>• ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക.<br>• ചെറുകഥകളിലൂടെയും കവിതകളിലൂടെയും പദങ്ങളുടെയും വാക്യങ്ങളുടെയും പഠനം | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | അധ്യാപിക | | |
| 3 | സർഗാത്മകതയും, ഭാഷാ പ്രാവീണ്യവും | ഉറുദു കയ്യെഴുത്ത് മാസികകൾ, കവിതകൾ, സംഭാഷണങ്ങൾ മുതലായവ കുട്ടികൾ സ്വയം തയ്യാറാക്കുന്നു | സെപ്തംബർ,<br>ഒക്ടോബർ | അധ്യാപിക | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഉറുദു

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | പങ്കാളികൾ | റിമാർക്സ് |
|---|---|---|---|---|---|---|
| 4 | ഉറുദു സാഹിത്യകാരന്മാരെയും, കവികളെയും അടുത്തറിയൽ | ഉറുദു കവികളുടെയും, സാഹിത്യകാരന്മാരുടെയും പ്രൊഫൈൽ തയ്യാറാക്കുകയും, അവരുടെ ഇഷ്ടപ്പെട്ട കഥകളുടെയും, കവിതകളുടെയും, ആസ്വാദനക്കുറിപ്പ് തയ്യാറാക്കുകയും, ശേഖരിക്കുകയും ചെയ്യുക | നവംബർ ഡിസംബർ | അധ്യാപിക | അധ്യാപിക പൂർവ്വ വിദ്യാർത്ഥികൾ | |
| | | | | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – അറബിക്

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | അറബിക് മധുരം<br>ലക്ഷ്യം : അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി | എഴുത്ത് വായന<br>• ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുക.<br>• അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് ലാപ്ടോപ്പിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുക.<br>• ഓരോ കുട്ടികൾക്കും ഓരോ ടാബ് വീതം നൽകി ഇൻസ്റ്റാൾ ചെയ്ത് അക്ഷരങ്ങൾ ഗെയിമുകളുമായി നൽകുന്നു. അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗെയിമിലൂടെ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു.<br>• പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് അറബിക് മധുരം ക്ലാസ് നൽകുക | രണ്ടു മാസം | പുസ്തകങ്ങൾ<br>കമ്പ്യൂട്ടർ<br>ടാബ് | ബി.ആർ.സി<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ |

## അക്കാദമിക് മാസ്റ്റർ പ്ലാൻ – അറബിക്

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2 | വായനാലോകം<br>ലക്ഷ്യം :<br>• കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ.<br>• നല്ല വായനക്കാരൻ ആക്കുക | ക്ലാസ് വായന<br>• ഓരോ അറബിക് പിരിയഡിലും ആദ്യ അഞ്ച് മിനിറ്റിൽ ഒരാൾ ഒരു ബുക്കിന്റെ പേജ് ഉറക്കെ വായിക്കുക<br>• വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വയ്ക്കുക.<br>• കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുക. | | | സർക്കാർ ഫണ്ട് |
| 3 | ആസ്വാദന ലോകം | ആസ്വാദനസഭ<br>• പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കുവാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിൽ ഒരിക്കൽ ആസ്വാദനസഭ ചേരുക.<br>• ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ ആസ്വാദകരാവണം. | 6 മാസം | സ്കൂൾ ഹാൾ<br>ലാംഗ്വേജ് ലാബ്<br>എൽസിഡി<br>ലാപ്ടോപ്പ് | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – അറബിക്

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | കാഴ്ചയും കേൾവിയും<br>നേരത്തെ ഡൗൺലോഡ് ചെയ്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽസിഡി പ്രൊജക്ടറിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ. ഉദാഹരണം : ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ, ആനിമേഷൻ, വീഡിയോകൾ, ധാർമിക കഥകൾ, ഡോക്യുമെന്ററികൾ | | | സർക്കാർ ഫണ്ട് |
| | പദപരിചയം<br>ലക്ഷ്യം : അറബിപദങ്ങളെ കുറിച്ചുള്ള അറിവ് വർദ്ധിപ്പിക്കൽ | ഒരു പദം പരിചയപ്പെടൽ<br>അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ പ്രാർത്ഥനക്കു ശേഷം മുതിർന്ന ക്ലാസിലെ ഒരു വിദ്യാർത്ഥി ക്ലാസ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - അറബിക്

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | അറബിയിൽ പരിചയപ്പെടുത്തുന്ന ക്ലാസ് ലീഡർമാർ അത് ബോർഡിൽ എഴുതുന്നു. എല്ലാ വിദ്യാർത്ഥികളും അത് എഴുതിയെടുക്കുകയും മാസത്തിൽ ഒരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു. മികച്ചു നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നൽകുന്നു. | ഒരു വർഷം | മൈക്ക് | |
| | അറബിക് അസംബ്ലി | • ആഴ്ചയിലൊരിക്കൽ അറബിക് അസംബ്ലി സംഘടിപ്പിക്കുക.<br>• ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക.<br>• ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക.<br>• പുസ്തകം പരിചയപ്പെടുത്തൽ.<br>• സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ. | ഒരു വർഷം | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - അറബിക്

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | അറബിക് ഫെസ്റ്റ് | അറബിക് ദിനത്തിലോ അല്ലാതെയോ ഒരു ഫുൾ ഡേ / ഹാഫ് ഡേ അറബിക് ഫെസ്റ്റ് നടത്തുക. | | സ്കൂൾ ഹാൾ | പൂർവ്വ വിദ്യാർത്ഥികൾ |
| | | കാര്യപരിപാടികൾ<br>• ഉദ്ഘാടനം<br>• ആദരിക്കൽ ഇതുവരെ സ്കൂളിൽ നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്<br>• മികച്ച അറബിക് കലാ അവതരണം<br>• തൊട്ടടുത്ത അറബിക് കവി/ സാഹിത്യകാരൻ/ പണ്ഡിതൻ പങ്കെടുപ്പിക്കൽ ആദരിക്കൽ | | പുസ്തകങ്ങൾ<br>സമ്മാനങ്ങൾ | ഭാഷാ സ്നേഹികൾ<br>അറബി ഭാഷാ പഠിതാക്കൾ |
| 7 | സ്കൂൾ വാർഷികം | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം/ ചിത്രീകരണം/ മോണോ ആക്ട്/ വാർത്താ വായന തുടങ്ങിയ ഇനങ്ങൾ അവതരിപ്പിക്കൽ | | സ്കൂൾ കെട്ടിടം | പൂർവ വിദ്യാർത്ഥികൾ ഭാഷാ സ്നേഹികൾ |

## അക്കാദമിക് മാസ്റ്റർ പ്ലാൻ – അറബിക്

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | 8. നല്ല എഴുത്ത് | ലക്ഷ്യം :<br>• കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്താൻ അറബി ഭാഷയിലെ തനതായ സൗന്ദര്യ എഴുത്ത് (നസ്ഖി, രിഖഅ) എഴുത്തുകൾ ആണ്.<br>• ഓരോ കുട്ടികൾക്കും പ്രത്യേകം വർക്ക് ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകൽ | ഒരു വർഷം | പുസ്തകങ്ങൾ | |
| | 9. മത്സരങ്ങളുടെ ലോകം | മുഴുവൻ വിദ്യാർഥികളെയും വ്യത്യസ്ത കഴിവുകളെ പരിപോഷിക്കുന്നതിന് (അറബിക് ) മത്സരങ്ങൾ സംഘടിപ്പിക്കുക<br>ഉദാഹരണം<br>1. കിസ്സ്<br>2. പദനിർമ്മാണം<br>3. കഥ പറയൽ<br>4. കവിത ചൊല്ലൽ<br>5. പദപ്രശ്നം<br>6. കളറിംഗ്<br>7. മെമ്മറി ടെസ്റ്റ്<br>8. ഗദ്യ വായന<br>9. ആംഗ്യ ഗാനം<br>10. ഖുർആൻ പാരായണം<br>11. പദപയറ്റ്<br>12. പസിൽസ് | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - അറബിക്

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | 10. ദിനാചരണങ്ങൾ | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു നേരത്തെ നിശ്ചയിച്ചത് അനുസരിച്ച് ഓരോ ദിനങ്ങൾക്കുള്ള പോസ്റ്ററുകൾ നിർമ്മിക്കുന്നു (ഗ്രൂപ്പ് പ്രവർത്തനം) | ഒരു വർഷം | | |
| | 11. <u>ഡിജിറ്റൽ ലോകം</u><br>ലക്ഷ്യം : എല്ലാ കുട്ടികൾക്കും പ്രൈമറി പഠനം കഴിയും മുമ്പ് അറബിക് കീബോർഡ് പഠിക്കൽ.<br>◆ പവർ പോയിൻറ് പരിചയപ്പെടൽ | ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടർ പരിജ്ഞാനം അനിവാര്യമായതിനാൽ പ്രൈമറി ക്ലാസിൽ നിന്നും തന്നെ കുട്ടികൾ കീബോർഡ് പരിചയപ്പെടുകയും ചെറിയ വർക്കുകൾ ടൈപ്പ് ചെയ്യാൻ കഴിവ് നേടുകയും ചെയ്യണം<br>◆ ആഴ്ചയിൽ ഒരു സമയത്ത് കുട്ടികൾക്ക് ടൈപ്പിംഗ് പഠിക്കാൻ അവസരം ഒരുക്കുക<br>◆ ഫോട്ടോകളും ടൈപ്പ് ചെയ്ത വർക്കുകളും ചേർത്ത് ചെറി പി പി ടി കൾ ഉണ്ടാക്കാൻ പരിചയപ്പെടുത്തുക | ഒരു വർഷം | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - അറബിക്

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | 12. എഴുത്തിന്റെ ലോകം | ക്ലാസ് മാസിക നിർമ്മാണം<br>◆ ചുമർ പത്രിക നിർമ്മാണം<br>◆ വായന കാർഡ് നിർമ്മാണം<br>◆ മാതൃക നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി എ ഫോർ സൈസിൽ വൃത്തിയായി എഴുതി കളർ നൽകി നിർമ്മിക്കുക | | ചാർട്ട്<br>കളർ | |
| | | | | | |

# ENGLISH MASTER PLAN

| ക്രമ നമ്പർ | PROGRAM | GOAL | STRATEGY | DURATION | TEACHER IN CHARGE |
|---|---|---|---|---|---|
| | Slow learning class | To equip them read write and comprehend | Use visuals kg standard books | 3.45 to 4.30 | Femy CG |
| | English Fest | Conduct various programmes to enhance English language | Conduct various English programmes to enhance English language | August school time | Manju AS |
| | Radio | To enhance the capacities of children to communicate participate and voice efficiency | Conduct literary programmes interviews to enhance the language | once in a month | Bindu p Davis |
| | News Paper | To enhance the writing skill | Write a news-paper report | once in a month | Bindu p Davis |
| | Youth Festival | To enhance the literary abilities | Conduct various literary programmes to enhance literary skills | | All English teachers |
| | Spoken English Class | To improve the communicative skill | Communicate with the students and help them reply debates to practice simple sentence | twice in a month | Manju AS |

# UP

English Class Library ആവശ്യമാണ്. നല്ല ഒരു Class Library സൗകര്യം ഉണ്ടാക്കുക. English Class കൾ നടത്തുന്നതിനായി Management Hall പ്രയോജനപ്പെടുത്തി class കൾ നടത്താൻ കഴിയണം. Hello English ന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ കുട്ടികളിലേക്ക് എത്തിക്കണം. മറ്റ് എല്ലാ പ്രവർത്തനങ്ങളിലും High School മായി ചേർന്ന് പ്രവർത്തനം തുടരും.

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഹിന്ദി അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുക<br>◆ ഉച്ചാരണം പരിചയപ്പെടുത്തുക<br>◆ അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും കണ്ടെത്താനും പഠിപ്പിക്കുക | ◆ അക്ഷരമാല കാർഡ് നൽകുക<br>◆ അക്ഷരങ്ങൾ ഉച്ചത്തിൽ വായിക്കുക<br>◆ ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം പരിചയപ്പെടുത്തുക | ജൂൺ ജൂലൈ | അധ്യാപകർ | കുട്ടികൾക്ക് ഹിന്ദി ഭാഷ അറിയുന്നതിന് കഴിവ് വർദ്ധിപ്പിക്കുക |
| 2 | ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുക | ◆ ക്ലാസിലെ ഓരോ കുട്ടിയുടെയും ജനനതീയതി ഹിന്ദിയിൽ എഴുതുക<br>◆ വർക്ക് ഷീറ്റുകൾ നൽകുക<br>◆ ഹിന്ദി കലണ്ടർ തയ്യാറാക്കുക | ആഗസ്റ്റ് സെപ്തം ബർ | അധ്യാപകർ | കുട്ടികൾക്ക് എണ്ണം ഹിന്ദിയിൽ മനസ്സിലാക്കുക |
| 3 | ◆ വായന പരിശീലനത്തിന് പ്രാധാന്യം നൽകുക<br>◆ കാർട്ടൂൺ, ചിത്രകഥ എന്നിവയുടെ ആശയം മനസ്സിലാക്കുക | ◆ കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുക<br>◆ ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ എന്നിവ വായിക്കാനായി നൽകുക | ഡിസംബർ ജനുവരി | അധ്യാപകർ | കുട്ടികളിൽ ആശയം മനസ്സിലാക്കി എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | റിമാർക്സ് |
|---|---|---|---|---|---|
| 4 | ◆ നാമം സർവ്വനാമം വിശേഷണം എന്നിവ മനസ്സിലാക്കുന്നു ◆ വാക്യഘടന പരിചയപ്പെടുത്തുക | ◆ ചാർട്ടുകൾ നൽകി അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുന്നു. ◆ കവിത, കഥ എന്നിവ പൂരിപ്പിക്കൽ | ആഗസ്റ്റ് സെപ്തംബർ | അധ്യാപകർ | കുട്ടികളെ എഴുതുവാനും, ആശയം മനസ്സിലാക്കുവാനും കഴിവ് വർദ്ധിപ്പിക്കുക |
| 5 | ◆ സാഹിത്യാഭിരുചി വളർത്തുക ◆ ഹിന്ദി കലോത്സവം മികച്ചതാക്കുക ◆ കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുക | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു | ആഗസ്റ്റ് സെപ്തംബർ ഒക്ടോബർ | പിടിഎ അധ്യാപപകർ | കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുക |
| 6 | ◆ കുട്ടിയുടെ ഭാഷ മെച്ചപ്പെടുത്തുക ◆ ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ◆ നാടകം വേദിയിൽ അവതരിപ്പിക്കുക ◆സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുക | ആഗസ്റ്റ് നവംബർ | അധ്യാപകർ | കുട്ടിയുടെ ആശയ വിനിമയത്തിനുള്ള കഴിവ് വർദ്ധിപ്പിക്കുക |
| 7 | ◆ ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുക ◆ കഥയെ തിരക്കഥ ആക്കുക ◆ ഡയറി എഴുതുക ◆ കുറിപ്പ് എഴുതുക | ◆ പാഠഭാഗങ്ങളിലെ സന്ദർഭങ്ങൾക്കനുസരിച്ച് ചരിത്രക്കുറിപ്പ് തയ്യാറാക്കുക ◆ ഡയറി എഴുതുവാനുള്ള കഴിവ് ഉണ്ടാക്കുന്നു | നവംബർ ജനുവരി | അധ്യാപകർ | കുട്ടിക്ക് ഹിന്ദി ഭാഷ കൈകാര്യം ചെയ്യാൻ കഴിവ് വർദ്ധിപ്പിക്കുക |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – സയൻസ്

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ലാബിലേക്കുള്ള പരീക്ഷണ സാമഗ്രികൾ | ചുരുങ്ങിയത് 5 ഗ്രൂപ്പിലേക്ക് കൊടുക്കുവാനുള്ള പരീക്ഷണ സാമഗ്രികൾക്കുള്ള സൗകര്യം | ഷോർട്ട് ടേം | സയൻസ് അധ്യാപകർ | പിടിഎ | |
| 2 | ഓരോ കുട്ടിക്കും പരീക്ഷണ സാമഗ്രികൾ ലഭ്യമാക്കണം | സയൻസ് ലാബിൽ പരീക്ഷണം നടത്തുന്നതിനായി ഓരോ കുട്ടിക്കും പരീക്ഷണ സാമഗ്രികൾ ലഭ്യമാക്കണം | ലോംങ്ങ് ടേം | സയൻസ് അധ്യാപകർ | പൂർവ്വ വിദ്യാർത്ഥികൾ | |
| 3 | സയൻസ് ലാബിൽ പ്രൊജക്ടർ ലാപ്ടോപ്പ് എന്നിവ ഉപയോഗിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകണം | സയൻസ് ലാബിൽ പ്രവർത്തനങ്ങൾ ചെയ്യുമ്പോൾ കുട്ടികൾക്ക് സൗകര്യപ്രദമായ രീതിയിൽ കാണുന്നതിനുള്ള പ്രൊജക്ടർ സൗകര്യവും ലാപ്ടോപ്പ് സൗകര്യവും ഉണ്ടായിരിക്കണം | ലോംങ്ങ് ടേം | സയൻസ് അധ്യാപകർ | പിടിഎ പൂർവ്വ വിദ്യാർത്ഥികൾ | |
| 4 | തൊഴിലധിഷ്ഠിത ശില്പശാല നടത്തണം | കുട്ടികൾക്ക് സ്കൂൾ കാലഘട്ടം കഴിഞ്ഞാലും ഏതെങ്കിലും ഒരു തൊഴിൽ ചെയ്യാനുള്ള കഴിവ് നേടുന്ന രീതിയിലുള്ള തൊഴിൽ അധിഷ്ഠിത ശില്പശാല നടത്തുക | ലോംങ്ങ് ടേം | സയൻസ് അധ്യാപകർ | പിടിഎ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – സയൻസ്

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 5 | ശാസ്ത്ര വിഷയങ്ങളിൽ അഭിരുചി വർദ്ധിപ്പിക്കൽ | • ഫീൽഡ് ട്രിപ്പ്<br>• മഴ മാപിനി തയ്യാറാക്കൽ | ജൂൺ ജൂലൈ | അധ്യാപകർ | അദ്ധ്യാപകർ | ബഡ്ഡിംഗ് ലെയറിങ്ങ് ഗ്രാഫ്റ്റിംഗ് എന്നിവയ്ക്കുള്ള ധാരണ ഉറപ്പാക്കൽ |
| 6 | കുട്ടികളിൽ ശാസ്ത്ര പരീക്ഷണങ്ങളും നിരീക്ഷണവും മെച്ചപ്പെടുത്തൽ | സയൻസ് എക്സ്പോ എക്സ്പിരിമെന്റ് ഡേ | ആഗസ്റ്റ് സെപ്തംബർ | സബ്ജക്ട് എക്സ്പെർട്ട്സ് അധ്യാപകർ | പിടിഎ | പരീക്ഷണങ്ങൾ ചെയ്യാനും ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുമുള്ള കഴിവ് കുട്ടികളിൽ വർദ്ധിപ്പിക്കൽ |
| 7 | തൊഴിലധിഷ്ഠിത വിദ്യാഭ്യാസം | എൽഇഡി, എമർജൻസി ലാമ്പ് നിർമ്മാണം | ഒക്ടോബർ നവംബർ | ടെക്നിക്കൽ എക്സ്പെർട്ട്സ് | അദ്ധ്യാപകർ | തൊഴിൽ നൈപുണി കുട്ടികളിൽ വളർത്തിയെടുക്കൽ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – സോഷ്യൽ സയൻസ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക | ഒഴിവു ദിവസങ്ങളിൽ നിശ്ചയിച്ച തീയതികളിൽ | എസ് എസ് അധ്യാപകർ | |
| 2 | • ജനാധിപത്യം ഒരു ജീവിതശൈലി ആയി മാറ്റിയെടുക്കുക<br>• പൗരബോധം, മൂല്യബോധം ഇവ വളർത്തിയെടുക്കുക | ക്ലാസ് ലീഡർ, സ്കൂൾ ലീഡർ, സ്കൂൾ പാർലമെന്റ് പൗരബോധം സാമൂഹ്യബോധം ഇവയ്ക്കുള്ള പ്രവർത്തനം നടത്തുന്നു (വനവൽക്കരണം) | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | എസ് എസ് അധ്യാപകർ | |
| 3 | ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥലം നിർണയം നടത്താൻ പഠിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കാൻ സഹായിക്കുന്ന ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുക. അറ്റ്ലസ് ഗ്ലോബ് എന്നിവയെ പരിചയപ്പെടുത്തുക | വർഷം മുഴുവൻ ക്ലാസ് ടൈം | എസ് എസ് അധ്യാപകർ | |
| 4 | കുട്ടികളിൽ ഗുണനിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | ഓരോ ആഴ്ചയിലും ആ ആഴ്ചയിലെ പൊതുവിജ്ഞാനവുമായി ബന്ധപ്പെട്ട ക്വിസ് പ്രോഗ്രാം സംഘടിപ്പിക്കുക | വർഷം മുഴുവൻ വെള്ളിയാഴ്ചകളിലെ ഇടവേളകളിൽ | എസ് എസ് അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - സോഷ്യൽ സയൻസ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5 | തൂണുകളെ വിജ്ഞാന കേന്ദ്രങ്ങൾ ആക്കി മാറ്റുക | പാഠഭാഗവുമായി ബന്ധപ്പെട്ട ആശയങ്ങൾ, മാപ്പുകൾ എന്നിവയുടെ പോസ്റ്റർ തയ്യാറാക്കി തൂണുകളിൽ ഒട്ടിക്കുക | വർഷം മുഴുവൻ | എസ് എസ് അധ്യാപകർ | |
| | | | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - സോഷ്യൽ സയൻസ് യുപി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പഠനയാത്ര ഫീൽഡ് ട്രിപ്പ് ചിറമനേങ്ങാട്, ഇയ്യാൽ, കുടക്കല്ല്, തൊപ്പിക്കല്ല്, പോസ്റ്റ് ഓഫീസ്, ബുക്ക് ബൈൻഡിങ്, പ്രൊഡക്ഷൻ പ്രോസസ്, കൃഷിഭവൻ, ഫയർ സ്റ്റേഷൻ | ഒഴിവു ദിവസങ്ങളിൽ സ്കൂൾ ബസ് പ്രയോജനപ്പെടുത്തി പോകാം | Ist and IInd Term | എസ് എസ് ക്ലബ്ബ് | |
| 2 | സാമൂഹ്യ പരിഷ്കർത്താക്കൾ, സ്വാതന്ത്ര്യ സമര സേനാനികൾ എന്നിവരെ പരിചയപ്പെടുത്തൽ (6, 7 ക്ലാസ്സുകൾ) ജില്ലാ, സംസ്ഥാനം, വൻകര, സമുദ്രം എന്നിവ പരിചയപ്പെടുത്തൽ (5 -ാം ക്ലാസ്സ്) | എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചയ്ക്ക് 1:30ന് | എല്ലാ ആഴ്ചയും | എസ് എസ് അധ്യാപകർ | |
| 3 | സോഷ്യൽ സയൻസ് ലാബ് | ഭൂപടം, അറ്റ്ലസ്, ഗ്ലോബ് എന്നിവ ഒരു റൂമിൽ സെറ്റ് ചെയ്യണം | ദീർഘകാലം | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – സോഷ്യൽ സയൻസ് യുപി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4 | പഴയ കാല ഉപകരണങ്ങളുടെ പ്രദർശനം | കുട്ടികളുടെ വീടുകളിലുള്ള പഴയ കാല വസ്തുക്കൾ ശേഖരിച്ച് ഒരു ദിവസം പ്രദർശനം നടത്തണം നാട്ടറിവ് | Ist Term | എസ് എസ് ക്ലബ്ബ് | |
| 5 | സാമൂഹിക ആനുകാലിക സംഭവങ്ങൾ ഉൾക്കൊള്ളിച്ച് ഒരു ബുള്ളറ്റിൻ ബോർഡ് തയ്യാറാക്കൽ | കുട്ടികൾ വീട്ടിൽ നിന്നും പത്രവാർത്തകൾ കട്ട് ചെയ്തു കൊണ്ടുവരിക, ഓരോ ക്ലാസിനും ഓരോ ദിവസവും ഡ്യൂട്ടി കൊടുക്കുക, അതിൽ നിന്നും ചോദ്യം കൊടുത്ത് ഉത്തരം നൽകുന്നവർക്ക് സമ്മാനം നൽകുക | എല്ലാ ദിവസവും | എസ് എസ് അധ്യാപകർ | |
| 6 | ദിനാചരണങ്ങൾ | പോസ്റ്റർ പ്ലേകാർഡ്, ക്വിസ്, ഫാൻസി ഡ്രസ്സ് മുതലായവ | | എസ് എസ് അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – കണക്ക്

| ക്രമ നമ്പർ | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഗണിതത്തിൽ അടിസ്ഥാനം ഉറപ്പിക്കുക | ഗണിതം മധുരപരിഹാര ബോധനം ലാബ് പ്രവർത്തനങ്ങൾ | ദീർഘ കാലം | നോട്ടുബുക്ക് ചാർട്ട് മാർക്കർ സ്കെച്ച് | എച്ച് എം പി ടി എ ഗണിത അധ്യാപകർ |
| 2 | ഗണിത അഭിരുചി വർദ്ധിപ്പിക്കൽ | ഗണിത ക്വിസ്, ജോമെട്രിക് ചാർട്ട്, ഗണിത പൂക്കളം, ഗണിത ചാർട്ട്, പതാക നിർമ്മാണം, ഗണിത പാട്ടുകൾ, കുസൃതി കണക്ക് ശേഖരണം, ഗണിത മാഗസിൻ, ഗണിത ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം, ഗണിത ലൈബ്രറി | ഗണിത അധ്യാപകർ ഒഴിവു സമയ ങ്ങളിൽ കുട്ടികളെ ലാബിലേക്ക് കൊണ്ടു പോകും മധ്യകാലം | | എസ് ആർ ജി |
| 3 | ഐസിടിയിലൂടെ ഗണിത പഠനം | ജിയോ ജിബ്ര സങ്കേതം ഉപയോഗിച്ച് ഗണിത പഠനം | | ലാബ് | |
| 4 | ചതുഷ്ക്രിയ ഉറപ്പിക്കൽ | ഗണിത കളികളിലൂടെയും മത്സരപരീക്ഷ ഗണിത വർക്ക് ഷീറ്റ് തുടങ്ങിയവയുടെ സഹായത്താൽ | ഹ്രസ്വ കാലം | A4 പേപ്പർ ലൈബ്രറി പുസ്തകങ്ങൾ | ഗണിത അധ്യാപകർ |
| 5 | ബീജഗണിതം ആസ്വാദ്യം ആക്കൽ | പ്രായോഗിക പ്രശ്നങ്ങൾ ബീജഗണിതം ഉപയോഗിച്ച് വിശദീകരിക്കുന്നു. വേദഗ്രന്ഥം, ലീലാവതി തുടങ്ങിയ ബുക്കുകൾ പരിചയപ്പെടുത്തി പ്രവർത്തനങ്ങൾ ചെയ്യുന്നു | സ്കൂൾ അസം ബ്ലിയിൽ ഗണിത ശാസ്ത്ര ഞ്ജന്മാ രെ പരി ചയപ്പെടു ത്തുന്നു ഹ്രസ്വ കാലം | ലൈബ്രറി പുസ്തകങ്ങൾ | ഗണിത അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - കണക്ക്

| ക്രമ നമ്പർ | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 6 | ക്രിയാത്മകത, കൃത്യത, സൂക്ഷ്മത ഉപകരണങ്ങൾ കൈകാര്യം ചെയ്യുവാനുള്ള കഴിവ് വികസിപ്പിക്കൽ | ഗണിത ലാബ്, ഗണിത വർക്ക്ഷോപ്പുകൾ, പ്രവർത്തനങ്ങൾ ജാമിതീയ പാറ്റേണുകൾ നിർമ്മിക്കുക, പതിപ്പ് തയ്യാറാക്കൽ, ജിയോജിബ്ര പരിശീലനം, പതാക നിർമ്മാണം | ഹ്രസ്വ കാലം ലൈബ്രറി പുസ്തകങ്ങൾ പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങൾ | A4 ഫോർ പേപ്പർ | |
| 7 | • പണം വിനിമയം വ്യക്തമായ ധാരണ ഉണ്ടാക്കൽ • ഗണിതാഭിരുചി വർദ്ധിപ്പിക്കൽ • മാഗസിൻ തയ്യാറാക്കുന്നതിനുള്ള ശേഷി ഉണ്ടാക്കൽ | കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തി നൽകുന്നു | ഹ്രസ്വ കാലം | നോട്ടുപുസ്തകം | ഗണിത അധ്യാപകർ |
| | | | | | |

## ഗണിത ലാബ് നിർമ്മാണം

ഏപ്രിൽ മെയ് മാസങ്ങളിലായി ഗണിത ലാബ് ഒരുക്കുന്നു. (ഗണിത ലൈബ്രറി ഗണിത ക്ലിനിക്ക്) ഗണിത മാതൃകകൾ, ഗണിത കളികൾ, ഗണിത ആശയങ്ങളെ തൊട്ടറിയൽ, ഗണിത അധ്യാപകർ ഒഴിവു സമയങ്ങളിൽ കുട്ടികളെ ലാബിലേക്ക് കൊണ്ടുപോകും.

## ഗണിത പരിഹാരബോധനം

ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിന് കുട്ടികളെ കണ്ടെത്തി ക്ലാസ് ടീച്ചറുടെ സഹായത്തോടെ പരിഹാരബോധനം നടത്തുന്നു

## ഗണിത ക്വിസ്

ജുൺ മാസത്തിൽ ഗണിത ക്വിസ് നടത്തുന്നു

## ഗണിത എക്സിബിഷൻ

ജുലൈ മാസത്തിൽ ഗണിത പ്രദർശനം നടത്തുന്നു

## പതാക നിർമ്മാണം

ആഗസ്റ്റ് മാസത്തിൽ പതാക നിർമ്മാണ മത്സരം നടത്തുന്നു

## ഗണിത പുക്കളം

ജുലൈ മാസത്തിൽ ഗണിത പുക്കള മത്സരം നടത്തുന്നു

## മാഗസിൻ

സെക്കൻഡ് ടേമിൽ ക്ലാസ് അടിസ്ഥാനത്തിൽ മാഗസിൻ നിർമ്മാണം നടത്തുന്നു

## ടാലൻറ് സെർച്ച് പരീക്ഷ

ടാലൻറ് സെർച്ച് പരീക്ഷയ്ക്കുള്ള കുട്ടികളെ കണ്ടെത്തി ഒഴിവു ദിവസങ്ങളിൽ പരിശീലനം നടത്തുന്നു

# യുപി ഗണിതം

## ലക്ഷ്യങ്ങൾ

കുട്ടികൾക്ക് ഗുണനപ്പട്ടിക മനസ്സിലാക്കുന്നതിന് ചുമരിൽ ക്ലാസ് റൂമുകളിൽ ചാർട്ടുകൾ സ്ഥിരമായി പ്രദർശിപ്പിക്കുവാനായി അവസരം ഉണ്ടാക്കുക കുട്ടികൾക്ക് കോമ്പസ് ലഭ്യമാക്കുക, പ്രൊജക്ടർ സ്ക്രീൻ ആവശ്യമാണ്, ബോർഡുകൾ വൃത്തിയാക്കുക, ജനലുകളിൽ വെളിച്ചം വരുന്നത് മറക്കുക, ബോർഡിനരികിൽ നിന്ന് കുട്ടികളെ മാറ്റിയിരുത്തി പരമാവധി ബോർഡ് കാണാനുള്ള തരത്തിൽ മാറ്റേണ്ടതാണ്.

# അക്കാദമിക് മാസ്റ്റർ പ്ലാൻ – വർക്ക് എക്സ്പീരിയൻസ്

| ക്രമ നമ്പർ | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | സ്വന്തം വസ്ത്രങ്ങൾ സ്വയം തയ്ക്കാൻ പ്രാപ്തരാക്കൽ | തയ്യൽ മെഷീൻ ഉപയോഗിക്കാൻ പഠിപ്പിക്കൽ അളവെടുത്ത് വെട്ടൽ വസ്ത്രങ്ങൾ തയ്ക്കൽ | 6 മാസം | ഇന്ത്യൻ മെഷീൻ | മാതൃ പിടിഎ |
| 2 | സ്റ്റിച്ചിങ് യൂണിറ്റ് | തുണിസഞ്ചികൾ നിർമ്മിക്കൽ, പില്ലോ കവർ നിർമ്മിക്കൽ, ഡസ്റ്റർ നിർമ്മിക്കൽ | 6 മാസം | തുണികൾ | മാതൃ പിടിഎ അധ്യാപകർ |
| 3 | കർച്ചീഫ് വിത്ത് ലെയ്സ് ആൻഡ് എംബ്രോയിഡറി | ലെയ്സ് നിർമ്മാണം എംബ്രോയിഡറി പഠനം | 4 മാസം | തുണി നൂല് | അധ്യാപകർ |
| 4 | ക്രിസ്തുമസ് സ്റ്റാർ ആൻഡ് ഡെക്കറേറ്റീവ് ഐറ്റംസ് | ക്രിസ്തുമസ് സ്റ്റാർ കുട്ടികളെ കൊണ്ട് നിർമ്മിക്കൽ, ഡെക്കറേറ്റ് ചെയ്യുന്നതിനുള്ള വിവിധ സാധനങ്ങൾ നിർമ്മിക്കൽ | 2 മാസം | പേപ്പർ | അധ്യാപകർ |
| 5 | എക്സിബിഷൻ സംഘടിപ്പിക്കൽ | കുട്ടികൾ നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനവും വില്പനയും നടത്തൽ | | പേപ്പർ | |
| 6 | മഞ്ഞൾ കൃഷി | കുട്ടികളിൽ കൃഷിയിൽ നിന്ന് വിളവെടുക്കുന്ന രീതി മനസ്സിലാക്കുന്നതിന് | 1 വർഷം | സ്കൂൾ കോമ്പൗണ്ട് | അധ്യാപകർ |

## സ്വയംതൊഴിൽ പരിശീലനം

1. പഠനത്തോടൊപ്പം പാഠ്യേതര വിഷയങ്ങളിലും മികവ് പുലർത്തുക.

2. പഠനം കഴിയുമ്പോൾ തന്നെ ഏതെങ്കിലും തൊഴിലിൽ നൈപുണി കൈവരിക്കുക.

3. പഠനത്തിന് ആവശ്യമായ വരുമാനം സ്വയം കണ്ടെത്തുക. ഹൈസ്കൂൾ യുപി എന്നീ തലങ്ങളിലുള്ള എല്ലാ കുട്ടികൾക്കും ഇത് നടപ്പിലാക്കും.

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ആർട്ട് കലാ പഠനം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കലാ പഠനം | കലാ പഠനത്തിന്റെ ഭാഗമായി സ്കൂൾ ചുമരുകളിൽ പ്രധാന ദിനാചരണങ്ങളുടെയും കുട്ടികൾ ഇന്ന് അറിഞ്ഞിരിക്കേണ്ടതുമായ ചിത്രങ്ങൾ വരയ്ക്കുന്നു. ചിത്രത്തിൻറെ വിഷയങ്ങൾ എഴുതി പ്രദർശിപ്പിക്കുന്നു. | ജൂൺ ഫെബ്രുവരി | സ്കൂൾ വിദ്യാർത്ഥികളും അധ്യാപകരും അടങ്ങുന്ന സമിതി | പൂർവ വിദ്യാർത്ഥികൾ, വിദ്യാലയ വികസന സമിതി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സ്പോൺസേഴ്സ് അധ്യാപകർ | കുട്ടികളുമായി ചേർന്ന് പ്രവർത്തിക്കുന്ന ഈ പ്രവർത്തനത്തിന് അവധി ദിവസവും കാലാവസ്ഥയും ഒരു പ്രധാന വെല്ലുവിളിയാണ് |
| 2 | കുട്ടികളിലെ സംഗീതാഭിരുചി വർദ്ധിപ്പിക്കൽ | സംഗീതവുമായി ബന്ധപ്പെട്ട് സ്കൂൾ പഠന സമയത്തിനു ശേഷം ഗിറ്റാർ വയലിൻ കീബോർഡ് എന്നിവ പഠിപ്പിക്കുന്നു | ജൂൺ ഫെബ്രുവരി | അധ്യാപകർ | | സംഗീത ഉപകരണത്തിന്റെവർദ്ധിച്ച വിലയും പഠനശേഷം വീട്ടിലേക്ക് ദീർഘദൂരം സഞ്ചരിക്കേണ്ടത് പ്രയാസമാണ് |
| 3 | അഭിനയ മികവ് | വർഷത്തിന്റെ തുടക്കത്തിൽ നാടകം, സിനിമ എന്നിവയിൽ അഭിനയിക്കാൻ കുട്ടികൾക്ക് പഠന ക്യാമ്പ് നടത്തുന്നു | ജൂൺ | അധ്യാപകർ | | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - വർക്ക് ആർട്ട് കലാ പഠനം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 4 | കലാപരമായ കഴിവ് പ്രദർശനം | അധ്യയനത്തിന്റെ അവസാന സമയത്ത് കലാ പഠനത്തിന്റെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നു | ഒക്ടോബർ ഡിസംബർ | അധ്യാപകർ | | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - ലൈബ്രറി

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ലൈബ്രറി | ഓരോ ക്ലാസിലും 10 പുസ്തകങ്ങൾ വീതം നൽകുന്നു ജൂൺ മാസം നൽകുന്ന 10 പുസ്തകങ്ങൾ ആഗസ്റ്റ് മാസം തിരിച്ചു വാങ്ങുന്നു ആഗസ്റ്റിൽ കൊടുക്കുന്ന 10 പുസ്തകങ്ങൾ നവംബറിൽ തിരിച്ചു വാങ്ങുന്നു. നവംബറിൽ നൽകുന്ന പത്ത് പുസ്തകങ്ങൾ ജനുവരിയിൽ തിരിച്ചു വാങ്ങുന്നു | ജൂൺ ഫെബ്രുവരി | സ്കൂൾ വിദ്യാർത്ഥികളും അധ്യാപകരുമടങ്ങുന്ന സമിതി, ലൈബ്രറി ചാർജ് ഉള്ള അധ്യാപകർ, എസ് ആർ ജി കൺവീനർ, പ്രധാന അധ്യാപകൻ | വിദ്യാലയ വികസന സമിതി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, അധ്യാപകർ | ബാല സാഹിത്യ രചനകളുടെ കുറവ് പരിഹരിക്കണം. റീഡിങ് റൂമിൽ ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ കുറവ് പരിഹരിക്കണം. |
| 2 | വിവരശേഖരണം | ◆ ആസ്വാദനക്കുറിപ്പ് ശേഖരിക്കുന്നു ◆ ആഗസ്റ്റ് നവംബർ ജനുവരി | | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – ലൈബ്രറി

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
| --- | --- | --- | --- | --- | --- | --- |
| | | മാസങ്ങളിൽ യോഗ്യരായ വിദ്യാർത്ഥികൾക്ക് സാംസ്കാരിക രംഗത്തുള്ളവരുടെ ക്ലാസുകളും സംവാദവും നടത്തുന്നതിന് അവസരം നൽകുന്നു. ജനുവരി മാസത്തിൽ കുട്ടികളുടെ കഥ, കവിത രചനകൾ നടത്തുന്നു. അവതരണവും, പ്രദർശനവും നടത്തുന്നു. കയ്യെഴുത്തു മാസിക തയ്യാറാക്കുന്നു. Safari in the Library | | | | റേഡിയോ നാടകങ്ങൾ കുട്ടികൾക്ക് കേൾക്കാൻ അവസരം ഉണ്ടാകേണ്ടതാണ്. കുട്ടികളുടെ സിനിമ പ്രദർശിപ്പിക്കാനുള്ള അവസരം വേണം. ഉൾ ചേർന്ന വിദ്യാഭ്യാസം അനിവാര്യമാണ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – ഫിസിക്കൽ എഡ്യൂക്കേഷൻ

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | സാമ്പത്തികം | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 1 | ശാരീരിക മാനസിക ആരോഗ്യം കുട്ടികളിൽ പരിപോഷിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം അസംബ്ലി നടത്തി ക്ലാസ്സ് അടിസ്ഥാനത്തിൽ മാസ്സ് ഡ്രിൽ പരിശീലനം | പിടിഎ | 1 വർഷം | അധ്യാപിക |
| 2 | പ്രതിഭാന്വേഷണം | വിദ്യാലയത്തിലെ കുട്ടികളെ പരിശീലിപ്പിച്ച് അന്തർദേശീയ തലത്തിൽ മത്സരിപ്പിക്കുന്നതിന് | പിടിഎ പൂർവ്വവിദ്യാർത്ഥികൾ | 1 വർഷം | പിടിഎ അധ്യാപിക |
| 3 | പ്രതിഭ അന്വേഷണം | വിദ്യാലയത്തിലെ കുട്ടികളെ പരിശീലിപ്പിച്ച് അന്തർദേശീയ തലത്തിൽ മത്സരിപ്പിക്കുന്നതിന് മികച്ച ഖോ-ഖോ ടീം രുപീകരണം | പിടിഎ പൂർവ്വവിദ്യാർത്ഥികൾ | 3 വർഷം | പിടിഎ അധ്യാപിക |
| 4 | കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ | എല്ലാ കുട്ടികൾക്കും പങ്കെടുക്കുന്നതിനുള്ള കായികപരിശീലന ക്യാമ്പ് നടത്തുക | | ജൂൺ മുതൽ ഡിസംബർ വരെ | എല്ലാ കുട്ടികൾക്കും പ്രൊഫഷണൽ ക്യാമ്പിൽ പങ്കെടുക്കാനുള്ള അവസരം ലഭിക്കുക |
| 5 | കുട്ടികളുടെ ശ്വസന വ്യവസ്ഥ ശക്തമാക്കുന്നതിന് | ഓരോ ആഴ്ചയിലും ഓരോ ക്ലാസ്സിനും ഒരു ഏറോബിക് പരിശീലനം നൽകുക. | | ജൂൺ മുതൽ ഡിസംബർ വരെ | കുട്ടികൾക്ക് താൽപര്യം ഉള്ള രീതിയിൽ അവരുടെ ആരോഗ്യം സംരക്ഷിക്കുക |